# GOVERNMENT OF KERALA

## Abstract

Law Department - Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution, State Attorney – Revision of Remuneration - Sanctioned Orders issued

## Law (Inspection) Department

G.O.(Ms)No.11/2025/LAW Dated,Thiruvananthapuram, 04-02-2025

Read: 1. G.O.(Ms.)No.123/2005/Law dated 12/04/2005
2. G.O.(Ms.)No.14/2009/Law dated 28/01/2009
3. G.O.(Ms.)No.214/2012/Law dated 08/10/2012
4. G.O.(Ms.)No.72/2015/Law dated 27/04/2015

## ORDER

Government are pleased to revise the remuneration and the fee for appearance of the Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution and State Attorney at the following rates :-

1. Monthly Retainer Fee – 2,50,000/-
2. Special Allowance – 50,000/-
3. Fee for appearance before the Supreme Court – 60,000/-
4. Fee for appearance before the Division Bench of the High Court – 15,000/-
5. Fee for appearance before the Single Bench of the High Court – 7, 500/-

Necessary amendments to the Rules Regulating the Conditions of Service, Duties, Remuneration, etc., of the Advocate General and Additional Advocate General, Kerala will be issued separately.

(By order of the Governor)
K G SANAL KUMAR
LAW SECRETARY

To
1. The Advocate General, Kerala, Ernakulam(with covering letter)
2. The Registrar General, High Court of Kerala, Ernakulam(with covering letter)
3.The Accountant General (A&E), (Audit), Kerala, Thiruvananthapuram.
4. The Home Department
5. The Finance Department vide UO(f)No.EXP-A4/421/2023-FIN dated 04/02/2025.
6. The Private Secretary to Hon'ble Chief Minister.
7.The GA (SC) Department (vide decision of Council of Ministers as Item No. 2580 dated 28.01.2025)
8. The Private Secretary to Minister for Law, Industries & Coir.
9.The Director of Information and Public Relations, Thiruvananthapuram
10. The District Treasury Officer, Ernakulam
11. The P.A to the Law Secretary.
12. The C.A. to Additional Law Secretary, Law (Inspection) Department
13. The Law (Nodal) Department
14. The Law (Monitoring) Department
15. Stock File/Office Copy.

Forwarded /By order

Signed by
Sajjad S
Date: 04-02-2025 18:27:18
Section Officer

**GOVERNMENT OF KERALA**

**Abstract**

Law Department - Government Law Officers in the High Court and the Kerala Administrative Tribunal - Revision of monthly remuneration - Sanctioned Orders issued.

**Law (Inspection) Department**

G.O.(Ms)No.12/2025/LAW Dated,Thiruvananthapuram, 04-02-2025

Read 1. G.O.(Ms.)No.01/2019/Law dated 04/01/2019.
2. Letter from Advocate General No. SS-GK2/2021/AG dated 05.05.2023.

**ORDER**

The monthly remuneration of Government Law Officers in the High Court and the Kerala Administrative Tribunal was revised vide Order read as 1st paper above. The Advocate General vide letter read as 2nd paper above has requested to enhance the existing rate of remuneration of Government Law Officers in the High Court.

Government have examined the matter in detail and are pleased to revise the monthly remuneration of Government Law Officers in the High Court and the Kerala Administrative Tribunal with effect from 01.01.2022 at the following rates.

| Sl. No. | Designation | Existing Monthly Remuneration | Revised Monthly Remuneration |
|---|---|---|---|
| 1. | Special Government Pleader | 1,20,000 | 1,50,000/- |
| 2. | Senior Government Pleader | 1,10,000 | 1,40,000/- |
| 3. | Government Pleader | 1,00,000 | 1,25,000/- |

(By order of the Governor)
K G SANAL KUMAR
LAW SECRETARY

To

1. The Advocate General, Kerala, Ernakulam(with covering letter).
2. The Registrar General, High Court of Kerala, Ernakulam(with covering letter).
3.The Accountant General (A&E), (Audit), Kerala, Thiruvananthapuram.
4. The Home Department
5. The Finance Department vide UO(f)No.EXP-A4/421/2023-FIN dated 04/02/2025)
6. The Private Secretary to Hon'ble Chief Minister.
7.The GA (SC) Department (vide decision of Council of Ministers in Item No.2580 dated 28.01.2025)
8. The Private Secretary to Minister for Law, Industries & Coir.
9.The Director of Information and Public Relations, Thiruvananthapuram
10.The District Treasury Officer, Ernakulam/Thiruvananthapuram
11.The P.A to the Law Secretary.
12.The C.A. to Additional Law Secretary, Law (Inspection) Department
13. The Law (Nodal) Department
14. The Law (Monitoring) Department
15. Stock File/Office Copy.

Forwarded /By order

Signed by
Sajjad S
Date: 04-02-2025 18:26:54

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2025

ഫയൽ നം. 85/ഇൻസ്പെ.1/2023/നിയമം. ഇനം നം: 2580

വിഷയം : നിയമ വകുപ്പ് - അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു.ഹൈക്കോടതിയിലെ മറ്റ് ഗവൺമെന്റ് ലാ ഓഫീസർമാർ എന്നിവരുടെ ശമ്പളം/ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ മന്ത്രിസഭായോഗം ചർച്ച ചെയ്തു. താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1(എ). 1,40,000/-, 1,28,000/-, 1,17,000/- എന്നീ നിരക്കുകൾ യഥാക്രമം 1,50,000/-, 1,40,000/-, 1,25,000/- എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

1(ബി). അംഗീകരിച്ചു.

2. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

29/01/25

സെക്രട്ടറി, നിയമ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. 85/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു. ഹൈക്കോടതിയിലെ മറ്റ് ഗവൺമെന്റ് ലാ ഓഫീസർമാർ എന്നിവരുടെ ശമ്പളം/ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09 /12/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | : | അതെ<br><br>ഉണ്ട്<br><br>ഉണ്ട്. |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്. രാജീവ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/12/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19 /12/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20 /12/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21 /12/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു. കേരള ഹൈക്കോടതിയിലെ മറ്റ് ഗവൺമെന്റ് ലാ ഓഫീസർമാർ എന്നിവരുടെ ശമ്പളം/ഫീസ്, അലവൻസ് എന്നിവ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു. ഹൈക്കോടതിയിലെ മറ്റ് ഗവൺമെന്റ് ലാ ഓഫീസർമാർ എന്നിവരുടെ ശമ്പളം, ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കുന്നത് സംബന്ധിച്ച് 05.05.2023 തീയതിയിലെ SS-GK2-2021/AG നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ അഡ്വക്കേറ്റ് ജനറൽ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയത് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

3. അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു. ഹൈക്കോടതിയിലെ മറ്റ് ഗവൺമെന്റ് ലാ ഓഫീസർമാർ എന്നിവരുടെ ശമ്പളം, ഫീസ്, അലവൻസ് എന്നിവ പരിഷ്ക്കരിക്കുന്നതിന്മേൽ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയപ്പോൾ 19-09-2023-ാം തീയതിയിലെ 2529521:EXP-A4/421/2023-Fin നമ്പർ റിമാർക്ക്സ് പ്രകാരം ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

*"അഡ്വക്കേറ്റ് ജനറൽ മുതൽ താഴോട്ടുള്ള സർക്കാർ അഭിഭാഷകർക്ക് മെച്ചപ്പെട്ട നിലയിലുള്ള വേതനം ഇപ്പോൾ നൽകി വരുന്ന സാഹചര്യത്തിൽ*

*വേതനം പരിഷ്കരിച്ച കാലയളവ് മാത്രം അടിസ്ഥാനപ്പെടുത്തി തുടർ പരിഷ്കരണം അനുവദിക്കണം എന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്നും ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന വേതന വർധനവ് മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ അഭിഭാഷകർക്ക് നൽകിവരുന്ന വേതനം, ജൂഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള വേതന ഘടന എന്നിവയുമായി താരതമ്യപ്പെടുത്തിയ റിപ്പോർട്ട് സഹിതം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർ എന്നിവരുടെ ശമ്പളം; ഫീസ്, അലവൻസുകൾ എന്നീ ഇനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷം ഉണ്ടായ ചെലവുകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു."*

4. 25.09.2023 തീയതിയിലെ 85/ഇൻസ്-1/2023/നിയമം നമ്പർ കത്ത് മുഖേന ടി വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടുള്ളതും ആയതിന് അഡ്വക്കേറ്റ് ജനറലിന്റെ 19.01.2024-ാം തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി അനുബന്ധം (ബി)യിൽ ചേർത്തിരിക്കുന്നു.

5. അഡ്വക്കേറ്റ് ജനറലിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ ഉത്തരവ് പ്രകാരം ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയതിൽ, ധനകാര്യവകുപ്പ്, 15-04-2024-ാം തീയതിയിലെ 2529521:EXP-A4/421/2023-Fin നമ്പർ റിമാർക്ക്സ് പ്രകാരം ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

*"സർക്കാർ ജീവനക്കാരുടെയും ജുഡീഷ്യൽ ഓഫീസർമാരുടെയും ശമ്പളത്തിൽ ക്ഷാമബത്തയിൽ വർദ്ധനവ് ഉണ്ടാകുന്നതനുസരിച്ചു വർദ്ധനവ് ഉണ്ടാകുന്നു. എന്നാൽ ലോ ഓഫീസർ-മാരുടെ വേതനം സഞ്ചിത വേതനമായതിനാൽ*

കാലാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നില്ല എന്ന വസ്തുത കണക്കിലെടുത്തു ലാ ഓഫീസർമാരുടെ ശമ്പളത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് അനുവദിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

01.07.2019 പ്രാബല്യത്തിലാണ് സർക്കാർ ജീവനകാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുള്ളത്. അതിനു ശേഷം നാളിതുവരെ ക്ഷാമബത്ത ഇനത്തിൽ 12% വർധനവാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ആനുപാതിക വർദ്ധനവ് വരുത്തി Law Officer-മാരുടെ ശമ്പളം താഴെപറയും പ്രകാരം വർധിപ്പിക്കുന്നതിനും പ്രസ്തുത വർദ്ധനവിന് 01.04.2024 മുതൽ പ്രാബല്യം നൽകുന്നതിനും അനുമതി നൽകുന്നു.

| തസ്തിക | നിലവിലെ ശമ്പളം | പുതുക്കിയ ശമ്പളം അനുവദിക്കാവുന്നത് | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|
| Special Government Pleader | 1,20,000 | 1,40,000 | 16.66% |
| Senior Government Pleader | 1,10,000 | 1,28,000 | 16.36% |
| Government Pleader | 1,00,000 | 1,17,000 | 17% |

ഇതിനു പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്.

MCC guidelines പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി എന്നിവരുടെ ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള ശിപാർശ ധനകാര്യവകുപ്പ് പരിഗണിച്ചിട്ടില്ലാത്തതും എന്നാൽ സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ, സീനിയർ ഗവണ്മെന്റ് പ്ളീഡർ, ഗവണ്മെന്റ് പ്ളീഡർ എന്നിവർക്ക് 1,20,000 എന്നത് 1,40,000 ആയും 1,10,000 എന്നത് 1,28,000 ആയും 1,00,000 എന്നത് 1,17,000 ആയും യഥാക്രമം വർദ്ധനവ്

വരുത്തുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമാണ്.

7. തുടർന്ന് ചുവടെ പറയുന്നവയിൽ നിന്ന് എന്ത് മാർഗമാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ഉത്തരവുകൾക്കായി ഫയൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിട്ടുള്ളതാണ്.

(a) ധനകാര്യവകുപ്പിന്റെ അഭിപ്രായ പ്രകാരം സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ, സീനിയർ ഗവണ്മെന്റ് പ്ളീഡർ, ഗവണ്മെന്റ് പ്ളീഡർ എന്നിവർക്ക് ആനുപാതികമായി 1,20,000 എന്നത് 1,40,000 ആയും 1,10,000 എന്നത് 1,28,000 ആയും 1,00,000 എന്നത് 1,17,000 ആയും യഥാക്രമം വർദ്ധനവ് വരുത്തുകയും അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, എന്നിവരുടെ ഫീസ്, അലവൻസ് എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള ശിപാർശ ധനകാര്യവകുപ്പ് പരിഗണിക്കാത്ത സാഹചര്യത്തിൽ ആയതു നിരസിക്കാവുന്നതാണോ?

(b) ധനകാര്യവകുപ്പിന്റെ അഭിപ്രായ പ്രകാരം സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ, സീനിയർ ഗവണ്മെന്റ് പ്ളീഡർ, ഗവണ്മെന്റ് പ്ളീഡർ എന്നിവർക്ക് ആനുപാതികമായി 1,20,000 എന്നത് 1,40,000 ആയും 1,10,000 എന്നത് 1,28,000 ആയും 1,00,000 എന്നത് 1,17,000 ആയും യഥാക്രമം വർദ്ധനവ് വരുത്തിയും അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, എന്നിവരുടെ ഫീസ്, അലവൻസ് എന്നിവ അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള ശിപാർശ പ്രകാരവും പരിഷ്കരിക്കാവുന്നതാണോ?

(c) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള ശിപാർശ പ്രകാരം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി, ബഹു. ഹൈക്കോടതിയിലെ മറ്റ് സർക്കാർ അഭിഭാഷകർ എന്നിവരുടെ ശമ്പളം/ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കാവുന്നതാണോ?

8. തുടർന്ന് മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ബഹു. മുഖ്യമന്ത്രി ഫയൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് അയയ്ക്കുകയും ബഹു. ധനകാര്യ വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

*അഡ്വക്കേറ്റ് ജനറലിന്റെ ശമ്പളം, ഫീസ്, അലവൻസ് എന്നിവ താഴെപറയും പ്രകാരം വർധിപ്പിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്*

*റീട്ടെയ്നർ ഫീസ് - **2,50,000/ -***

*അലവൻസ് - **40,000/ -***

*സുപ്രീം കോടതി മുൻപാകെ ഹാജരാകുന്നതിന് (ഓരോ കേസിനും) - **60,000***

*ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുൻപാകെ ഹാജരാകുന്നതിന്- **10,000***

*ഹൈക്കോടതി സിംഗിൾ ബെഞ്ച് മുൻപാകെ ഹാജരാകുന്നതിന്- **5,000***

- *ഒരുദിവസം ഒന്നിലധികം കേസുകളിൽ ഹാജരാകുന്നതിന് ഓരോ കേസിനും ഫീസ് അനുവദിക്കുന്നത് സർക്കാരിന് വളരെ വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതായതിനാൽ അത്തരത്തിൽ ചട്ടഭേദഗതി പരിഗണിക്കേണ്ടതില്ല.*
- *നിലവിൽ അഭിഭാഷകർക്ക് പ്രതിമാസ റീട്ടെയ്നർ ഫീസ്, അലവൻസ്, കോടതിക്ക് മുമ്പാകെ ഹാജരാകുന്നതിന് പ്രത്യേക ഫീസ് എന്നിവ അനുവദിച്ചിട്ടുള്ളതിനാൽ പ്രാരംഭ ജോലികൾ ചെയ്യുന്നതിന് പ്രത്യേക ഫീസ് കൂടി ഏർപ്പെടുത്തണം എന്ന ശിപാർശ പരിഗണിക്കേണ്ടതില്ല.*
- *അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി എന്നിവരുടെ ശമ്പളം അഡ്വക്കേറ്റ് ജനറലിന്റെ ശമ്പളത്തിന് ആനുപാതികമായാണ് അനുവദിയ്ക്കുന്നത് എന്ന ഉത്തരവിന്റെ അഭാവത്തിൽ ഇവരുടെ ശമ്പളം ആനുപാതികമായി വർധിപ്പിക്കാൻ അനുമതി നൽകുന്നത് ഉചിതമായിരിക്കില്ല.*
- *സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ, സീനിയർ ഗവണ്മെന്റ് പ്ളീഡർ, ഗവണ്മെന്റ് പ്ളീഡർ - എന്നീ ലാ ഓഫീസർമാർക്ക് ധന വകുപ്പിന്റെ e-2529521 ഫയലിൽ 15/ 04/ 2024 തീയതിയിലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള വേതന വർദ്ധനവ് അനുവദിക്കാവുന്നതാണ്.*

9. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ അലവൻസ്, ഹൈക്കോടതി സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് എന്നിവ മുമ്പാകെ ഹാജരാകുന്നതിനുള്ള ഫീസ്, അഡ്വക്കേറ്റ് ജനറൽ ബഹു. സുപ്രീം കോടതിയിൽ ഒന്നിലധികം കേസുകളിൽ ഹാജരാകുന്നതിനുള്ള ഫീസ് എന്നീ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി ബഹു. മുഖ്യമന്ത്രി ഫയൽ വീണ്ടും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് കൈമാറുകയും തുടർന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

*'അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശിച്ചിട്ടുള്ള 40,000/- രൂപ അലവൻസ് 50,000/- രൂപയായും ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, ബഹു.ഹൈക്കോടതി സിംഗിൾ ബെഞ്ച് എന്നിവ മുമ്പാകെ ഹാജരാകുന്നതിനുള്ള ഫീസ് യഥാക്രമം 10000, 5000 എന്നത് 15000, 7500 രൂപയായും വർദ്ധിപ്പിക്കുന്നതിനോട് യോജിക്കുന്നു. ഹൈക്കോടതിയിൽ ഹാജരാകുന്നതിനു ഒരു ദിവസം ഒന്നിലധികം കേസുകളിൽ ഫീസ് അനുവദിയ്ക്കില്ല എന്ന ചട്ടം നിലവിലുള്ളതിനാൽ അഡ്വക്കേറ്റ് ജനറൽ ബഹു. സുപ്രീംകോടതിയിൽ ഹാജരാകുന്നതിനും ഒരു ദിവസം ഒന്നിലധികം കേസുകളിൽ ഫീസ് അനുവദിക്കേണ്ടതില്ലെന്ന് നിബന്ധന ഏർപ്പെടുത്താവുന്നതാണ്.*

10. അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും വേതനവും പദവിയും അഡ്വക്കേറ്റ് ജനറലിന്റേതിനു സമാനമാക്കി കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി എന്നിവരുടെ വേതനവും പദവിയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റേതിനും സമാനമാക്കിയിട്ടുള്ളതാണ് (ഉത്തരവുകൾ അനുബന്ധം-സി-ആയി ചേർത്തിരിക്കുന്നു).

11. തുടർന്ന് താഴെപ്പറയുന്ന സംഗതികളിൽ തീരുമാനത്തിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 09/12/2024-ാം തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്,-

1). ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുന്ന ചുവടെ ചേർക്കുന്ന പുതുക്കിയ ശമ്പളം അനുവദിക്കുക. (ഇത് സഞ്ചിത വേതനം ആയതിനാൽ ഇതിൽ DA മറ്റ് അലവൻസുകൾ എന്നിവ അനുവദനീയമല്ല) (ശരാശരി 16.50% വർദ്ധന ആണ് നൽകിയിട്ടുള്ളത്.)

സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ - 1,40,000/-

സീനിയർ ഗവൺമെൻറ് പ്ലീഡർ - 1,28,000/-

ഗവൺമെൻറ് പ്ലീഡർ - 1,17,000/-

2). പ്രാബല്യ തീയതി 01.01.2022 ആയി നിശ്ചയിക്കുക. അതനുസരിച്ച് കുടിശിക അനുവദിക്കുക.

3). അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി എന്നിവരുടെ ഫീസ്, അലവൻസ് എന്നിവ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

റീട്ടെയ്നർ ഫീസ് - 2,50,000/-

അലവൻസ് - 50,000/-

സുപ്രീംകോടതി മുമ്പാകെ ഹാജരാകുന്നതിന് - 60,000/-

ഹൈക്കോടതി ഡിവിഷൻബെഞ്ച് മുമ്പാകെ ഹാജരാകുന്നതിന് - 15,000/-

ഹൈക്കോടതി സിംഗിൾ ബെഞ്ച് മുമ്പാകെ ഹാജരാകുന്നതിന് -7500/-

4). ഹൈക്കോടതിയിൽ ഹാജരാകുന്നതിന് ഒരു ദിവസം ഒന്നിലധികം കേസുകളിൽ ഫീസ് അനുവദിയ്ക്കില്ല എന്ന ചട്ടം നിലവിലുള്ളതിനാൽ അഡ്വക്കേറ്റ് ജനറൽ ബഹു. സുപ്രീംകോടതിയിൽ ഹാജരാകുന്നതിനും ഇതേ നിബന്ധന ഏർപ്പെടുത്തുക.

12. എന്നാൽ ഒരു ദിവസം ഒന്നിലധികം കേസുകളിൽ ഫീസ് അനുവദിക്കില്ല എന്ന ചട്ടം അഡ്വക്കേറ്റ് ജനറൽ ബഹു. സുപ്രീം കോടതിയിൽ ഹാജരാകുന്നതിനും നിലവിൽ ബാധകമായതിനാൽ ആയതിന് പ്രത്യേകമായി തീരുമാനം കൈക്കൊള്ളേണ്ടതില്ലാത്തതാണ്.

13. ബഹു. ഹൈക്കോടതിയിൽ 21 സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെയും 53 സീനിയർ ഗവ. പ്ലീഡർമാരുടെയും 54 ഗവ. പ്ലീഡർമാരുടെയും തസ്തികകളാണുള്ളത്. കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തിരുവനന്തപുരത്തെ പ്രിൻസിപ്പൽ ബെഞ്ചിൽ ഒരു സീനിയർ ഗവ. പ്ലീഡറുടെയും 5 ഗവ. പ്ലീഡർമാരുടെയും തസ്തികകളാണുള്ളത്. അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത ഗവ. പ്ലീഡർമാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം ബെഞ്ചിലും കേസുകളിൽ ഹാജരായി വരുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/01/2022 തീയതി പ്രാബല്യത്തിൽ, സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ, സീനിയർ ഗവൺമെൻറ് പ്ലീഡർ, ഗവൺമെൻറ് പ്ലീഡർ എന്നിവർക്ക് വേതന വർദ്ധനവ് അനുവദിക്കുകയാണെങ്കിൽ താഴെ വിവരിച്ച പ്രകാരമുള്ള അധിക സാമ്പത്തിക ബാധ്യത വരുന്നതാണ്.

| തസ്തിക | അനുവദിച്ച തസ്തിക | നിലവിലെ ശമ്പളം | പുതുക്കിയ ശമ്പളം അനുവദിക്കാവുന്നത് | അധികമായി അനുവദിക്കുന്ന തുക (പ്രതിമാസം) | 01/01/2022 മുതൽ 12/2024 വരെ കുടിശികയായി നൽകേണ്ടി വരുന്ന തുക (36 മാസത്തേയ്ക്ക്) |
|---|---|---|---|---|---|
| സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ | 21 | 1,20,000 | 1,40,000 | 20,000/- | 1,51,20,000/- (20000 x 21 x 36 മാസം) |
| സീനിയർ ഗവൺമെൻറ് പ്ലീഡർ | 53 | 1,10,000 | 1,28,000 | 18,000/- | 3,43,44,000/- (18000 x 53 x 36 മാസം) |
| ഗവൺമെൻറ് പ്ലീഡർ | 54 | 1,00,000 | 1,17,000 | 17,000/- | 3,30,48,000/- (17000 x 54 x 36 മാസം) |
| കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ- സീനിയർ ഗവൺമെൻറ് പ്ലീഡർ, (തിരുവനന്തപുരം ബെഞ്ച്) | 1 | 1,10,000 | 1,28,000 | 18,000/- | 6,48,000/- (18000 x 1 x 36 മാസം) |
| കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ- ഗവൺമെൻറ് പ്ലീഡർ, (തിരുവനന്തപുരം ബെഞ്ച്) | 5 | 1,00,000 | 1,17,000 | 17,000/- | 30,60,000/- (17000 x 5 x 36 മാസം) |
| | | | | ആകെ | **8,62,20,000/-** (എട്ട് കോടി അറുപത്തി രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) |

## തീരുമാനിക്കേണ്ട സംഗതികൾ

1) (എ) ധനകാര്യ വകുപ്പ് ശിപാർശ ചെയ്ത പ്രകാരം ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ, സീനിയർ ഗവൺമെൻറ് പ്ലീഡർ, ഗവൺമെൻറ് പ്ലീഡർ എന്നിവരുടെ മാസവേതനം യഥാക്രമം 1,40,000/-, 1,28,000/-, 1,17,000/- എന്ന നിരക്കിൽ വർദ്ധിപ്പിക്കാവുന്നതാണോ ?

(ബി) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് കൊണ്ട് മേൽപ്പറഞ്ഞ വർദ്ധനവിന് 01/01/2022 തീയതിയിൽ പ്രാബല്യം നൽകി കുടിശിക അനുവദിക്കാവുന്നതാണോ?

2) അഡ്വക്കേറ്റ് ജനലിന്റെ ഫീസ്, അലവൻസ് എന്നിവ ധനകാര്യ വകുപ്പ് ശിപാർശ ചെയ്ത പ്രകാരവും അഡീഷണൽ അഡ്വക്കേറ്റ്സ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോർണി എന്നിവരുടെ ഫീസ്, അലവൻസ് എന്നിവ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് ചുവടെ വിവരിച്ച പ്രകാരം പരിഷ്കരിക്കാവുന്നതാണോ?

റീട്ടെയ്നർ ഫീസ് - 2,50,000/-

അലവൻസ് - 50,000/-

സുപ്രീംകോടതി മുമ്പാകെ ഹാജരാകുന്നതിന് - 60,000/-

ഹൈക്കോടതി ഡിവിഷൻബെഞ്ച് മുമ്പാകെ ഹാജരാകുന്നതിന് - 15,000/-

ഹൈക്കോടതി സിംഗിൾ ബെഞ്ച് മുമ്പാകെ ഹാജരാകുന്നതിന് -7500/-

Annexure-A

TDSP

**K. GOPALAKRISHNA KURUP**
ADVOCATE GENERAL

Office of the Advocate General, Kerala
Ernakulam, Kochi–682 031

Office : 0484 2395050, 2395052
Direct : 0484 2394505, 2564300
(Chamber, New High Court Bldg.)
Resi. : 0484 2391062
Mobile : 99472 91549
Fax : 0484 2396399
E-mail : advocategeneralkerala@gmail.com
: adv.gkkurup@gmail.com
: kgkkurupag@gmail.com

10 MAY 2023

(4)

No. SS-GK 2/2021/AG

5th May, 2023

The Law Secretary
Law (Inspection) Department
Government Secretariat
Thiruvananthapuram

Sir,

Sub : Revision of salary, fees and allowances to Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution, State Attorney and other Government Law Officers in the High Court of Kerala – reg.

Ref : Video conference held on 06.02.2023 at 4.00 pm to discuss the revision of salary, fees and allowances to Government Law Officers

9/3/23

Pursuant to the decision arrived at in the above referred meeting, I am sending a detailed proposal with regard to the revision of salaries, fees and allowances of Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution, State Attorney and other Government Law Officers in the High Court for the consideration of the Government of Kerala.

The remuneration of Advocate General, Additional Advocates General, Director General of Prosecutions, Additional Director General of Prosecution and State Attorney have

under gone periodical revision and the last revision was vide G.O.(MS) No. 72/2015/Law dated 27.04.2015, whereby the monthly retainer fee of the Advocate General was enhanced to 2,00,000/- and appearance fee before the Supreme Court was fixed as Rs. 40,000/- per appearance. The said revision was made applicable with effect from 01.04.2012 as per G.O.(MS) No. 82/15/Law dated 18.05.2015. The other Senior Law Officers namely Additional Advocate General, Director General of Prosecution, Additional Director General of Prosecution and State Attorney are receiving the same remuneration that is being paid to the Advocate General. An allowance of Rs.30,000/- is also being paid to the Advocate General and the above mentioned Senior Law Officers. Hence it can be seen that there is no change in the remuneration of the aforesaid Senior Law Officers for the last 11 years, ie. from 01.04.2012. Therefore, it is suggested that the monthly retainer fee may be revised to Rs. 3,00,000/- and appearance fee before the Supreme Court may be revised to Rs. 75,000/- and allowance of Rs.30,000/- may be enhanced to Rs.50,000/-.

Similarly the fee for appearance of Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution and State Attorney before the Division Bench of the High Court was fixed at 7,000 per appearance and the fee for appearance before the Single Bench of the High Court was fixed at Rs. 3,500/- per appearance. This was fixed by G.O.(MS) No. 262/12/Law dated 17.12.2012 and there was no revision of the same for the past more than 10 years. Therefore it is proposed that the fee for appearance before the Division Bench of the High Court may be revised to Rs. 10,000/- and before the Single Bench to Rs. 5,000/-.

Proviso to Rule 1. of Part II of the Notification No. LD(A) 1-3006/56/Law dated 01.11.1956 issued under Rules regulating the Conditions of Service, Duties, Remuneration

etc. of the Advocate General and Additional Advocate General, Kerala as amended from time to time stipulates thus :

*'Provided that when more than one case is conducted or argued in one day in any one or more Courts, only one day's fee at the highest rate payable shall be paid irrespective of the number of courts in which appearance made or the number of cases conducted or argued on that day'.*

So the said provision imposes a restriction on the Advocate General and other Senior Law Officers to claim fee for only one case per day though they appear in different Courts in different matters on the same day. Similarly Rule 4 of Part II of Notification No. LD(A) 1-3006/56/Law dated 01.11.1956 issued under Rules regulating the conditions of service, duties, remuneration, etc., of the Advocate General and Additional Advocate General, Kerala prescribes thus : "Advocate General is not entitled to any remuneration for preliminary work done in connection with the conduct of cases, enquiry or other matter". As a matter of fact effective appearance to argue cases involves preliminary work and no remuneration is now being paid for the same. Therefore it has to be considered as to whether claim of fee for effective appearance in all cases in which the Advocate General and other Senior Law Officers have appeared can be made by making necessary amendments in the Rules.

No fee is seen fixed for appearance outside the State and there will be occasions where the Advocate General and the Senior Law Officers representing the State of Kerala before other High Courts in India. Therefore, it is suggested that the fee may be fixed as

Rs. 75,000/- per appearance in the case of other High Courts of the Country. The enhancement as above may be made with effect from 01.01.2022.

Similarly, the remuneration of the Special Government Pleaders, Senior Government Pleaders and Government Pleaders was revised in the year 2019 by G.O.(MS) No. 01/2019/Law dated 04.01.2019 in the following manner. At present the Government Law Officers are drawing the following.

| Sl.No. | Designation | Monthly remuneration |
|---|---|---|
| 1. | Special Government Pleader | 1,20,000/- |
| 2. | Senior Government Pleader | 1,10,000/- |
| 3. | Government Pleader | 1,00,000/- |

In the past, the Government was pleased to revise the salary in every 3 years as the salary of the Government Law Officers is fixed without any Dearness Allowance. The details of the orders issued by Government in the last 15 years revising salary of the Government Law Officers in the High Court are given below:-

1. G.O.(Ms) No. 100/2008/Law dated 04.10.2008 – (Revision w.e.f. 01.01.2008).
2. G.O.(Rt) No. 413/2011/Law dated 12.05.2011 – (Revision w.e.f. 01.01.2011).
3. G.O.(Ms) No. 170/2013/Law dated 01.09.2013 – (Revision w.e.f. 01.09.2013).
4. G.O.(Ms) No. 156/2015/Law dated 08.09.2015 – (Revision w.e.f. 01.04.2015).
5. G.O.(Ms) No. 01/2019/Law dated 04.01.2019 – (Revision w.e.f. 01.01.2019).

Now, more than 4 years have elapsed after the revision as per G.O.(Ms) No. 01/2019/Law dated 04.01.2019 and due to the fact that cost of living has increased because of inflation, it is proposed that the salary of the Government Law Officers in the High Court may be increased with effect from 01.01.2022 as given below :-

| Sl.No. | Designation | present monthly remuneration | Proposed monthly Remuneration |
|---|---|---|---|
| 1. | Special Government Pleader | 1,20,000/- | 1,80,000/- |
| 2. | Senior Government Pleader | 1,10,000/- | 1,65,000/- |
| 3. | Government Pleader | 1,00,000/- | 1,50,000/- |

Taking into consideration the facts that the Government Law Officers are a group of committed professionals working overtime and imparting a special dedicated service to protect the interest of the Government and that the previous revision of salary was done 4 years ago and that there is increase in the cost of living, the above proposal may be considered without delay and necessary orders may be issued.

Yours sincerely,

**K.GOPALAKRISHNA KURUP**
**ADVOCATE-GENERAL**

Annexure - B

IWSP


K. GOPALAKRISHNA KURUP
ADVOCATE GENERAL

Office of the Advocate General, Kerala
Ernakulam, Kochi-682 031

Office : 0484 2395050, 2395052
Direct : 0484 2394505, 2564300
(Chamber, New High Court Bldg.)
Resi. : 0484 2391062
Mobile : 99472 91549
Fax 0484 2396399
E-mail : advocategeneralkerala@gmail.com
: adv gkkurup@gmail.com
kgkkurupag@gmail.com


കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
20 JAN 2024
നിയമ വകുപ്പ്

No. SS-GK 2/2021/AG

19th January, 2024

The Law Secretary
Law (Inspection) Department
Government Secretariat
Thiruvananthapuram

Sir,

Sub : Revision of salary, fees and allowances of Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution, State Attorney and other Government Law Officers in the High Court of Kerala – reg.

Ref : 1. Video conference held on 06.02.2023 at 4.00 pm to discuss the revision of salary, fees and allowances to Government Law Officers

2. My letter of even No. dated 05.05.2023

3. Government Letter No. 85/Ins.1-2023/Law dated 25.09.2023

19/1/24

Proposal for revision of retainer fee/appearance fee/special allowances payable to the Advocate General, Additional Advocates General, Director General of Prosecution, Additional Director General of Prosecution, State Attorney and salary of other Government Law Officers was forwarded from this office vide reference (2)

158/24

above, pursuant to the discussion in a conference convened by the Honourable Chief Minister on 06.02.2023.

In reply to the same, the Government by letter referred to as 3rd above suggested that details regarding the remuneration being paid to the Government Law Officers in other States have to be ascertained and forwarded before considering the proposal. This office is not in a position to furnish the above details.

The retainer fee/special allowances of Senior Law Officers, including the Advocate General, was enhanced as per G.O. (Ms) No. 72/2015/Law dated 27.04.2015 with effect from 01.04.2012. Thereafter, the retainer fee of Senior Law Officers has not been revised. Similarly, appearance fee of Senior Law Officers was fixed as per G.O. (Ms) No. 262/2012/Law dated 17.12.2012 and no further revision has been made thereafter.

In the past, the Government revised the salary of Special Government Pleaders, Senior Government Pleaders and Government Pleaders (*hereinafter collectively referred to as the Government Law Officers*) in every three years as the salary of the Government Law Officers is fixed without any Dearness Allowance. The details of the orders issued by Government in the last 15 years, revising salary of the Government Law Officers in the High Court, are given below :-

1. G.O.(Ms) No. 100/2008/Law dated 04.10.2008 – (Revision w.e.f. 01.01.2008).
2. G.O.(Rt) No. 413/2011/Law dated 12.05.2011 – (Revision w.e.f. 01.01.2011).

3. G.O.(Ms) No. 170/2013/Law dated 01.09.2013 – (Revision w.e.f. 01.09.2013).
4. G.O.(Ms) No. 156/2015/Law dated 08.09.2015 – (Revision w.e.f. 01.04.2015).
5. G.O.(Ms) No. 01/2019/Law dated 04.01.2019 – (Revision w.e.f. 01.01.2019).

At present the Government Law Officers are drawing remuneration as shown below:

| Sl.No. | Designation | Monthly remuneration |
|---|---|---|
| 1. | Special Government Pleader | 1,20,000/- |
| 2. | Senior Government Pleader | 1,10,000/- |
| 3. | Government Pleader | 1,00,000/- |

Now, almost seven months have elapsed after the proposal was submitted before the Government. Therefore, the Government may consider the proposal submitted by letter dated 05.05.2023 at the earliest.

Yours sincerely,

**K.GOPALAKRISHNA KURUP**
**ADVOCATE-GENERAL**

Encl : a/a

Annexure C

GOVERNMENT OF KERALA

Abstract

Law Department-Granting of status and remuneration to Additional Advocate Generals as same as that of Advocate General - Orders issued.

LAW (INSPECTION) DEPARTMENT

G.O (Ms) No.55/2021/Law. Dated, Thiruvananthapuram, 12-07-2021.

Read:- 1.G.O. (Ms).No.44/2021/Law dated 10-06-2021.
2. Letter No.AAG-KPJ/Mis.04/2021 dated 23-06-2021 from Sri.K.P.Jayachandran.
3. Letter No.AAG-AMC/Mis.01/2021 dated 29-06-2021 from Sri.Asok M.Cherian.

ORDER

Government are pleased to order that the status and remuneration of Sri.K.P.Jayachandran and Sri.Asok M.Cherian, Additional Advocate Generals are the same as that of the Advocate General, Kerala with effect from their date of assumption of charge.

By order of the Governor,
V. HARI NAIR,
LAW SECRETARY

To

1. The Advocate General, Kerala, Ernakulam.
2. Sri. K.P.Jayachandran, Additional Advocate General.
3. Sri.Asok M.Cherian, Additional Advocate General.
4. The Registrar General, High Court of Kerala, Ernakulam.
5. The Accountant General (A&E), (Audit), Kerala, Thiruvananthapuram.
6. P.S. to Chief Minister,
7. P.S. to the Minister for Law, Industries & Coir.
8. The District Treasury Officer, Ernakulam
9. The Director, Web and New Media.
10. The Director of Public Relations, Thiruvananthapuram.
11. The P.A to the Law Secretary
12. The C.A. to Additional Law Secretary, Law (Inspection) Department
13. Law (Nodal) Department.
14. Stock File/Office Copy.

*Forwarded/By Order*

Sd/-

*Section Officer*

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നിയമ വകുപ്പ് - ഗവണ്മെന്റ് ലോ ഓഫീസേഴ്സ് - ബഹു.കേരള ഹൈക്കോടതിയിലെ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ - ശ്രീ. റ്റി.എ. ഷാജിയെ നിയമിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ ഇൻസ്പെക്ഷൻ വകുപ്പ്

സ.ഉ.(കൈ) നം.44/2024/LAW തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:- 1.25.01.1978 തീയതിയിലെ G.O(P) No.11/78/Law.

2. 21.05.2021 തീയതിയിലെ സ.ഉ.(കൈ)നം. 97/ 2021/ആഭ്യന്തരം.

3. അഡ്വക്കേറ്റ് ജനറലിന്റെ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത്.

4. ബഹു. കേരള ഹൈക്കോടതിയുടെ 04.06.2024 തീയതിയിലെ DI-8/58173/2024 നമ്പർ കത്ത്.

## ഉത്തരവ്

1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച പരാമർശം (4) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിന് വേണ്ടി പ്രോസിക്യൂഷൻ , അപ്പീൽ അല്ലെങ്കിൽ മറ്റു നടപടികൾ നടത്തുന്നതിലേയ്ക്ക് ശ്രീ. റ്റി.എ. ഷാജി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി-682020-നെ കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 02.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നു.

ശ്രീ.റ്റി.എ.ഷാജി ഡെസിഗ്നേറ്റഡ് സീനിയർ അഡ്വക്കേറ്റായതിനാൽ 1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 377, 378 വകുപ്പുകൾ പ്രകാരമുള്ള നിർദ്ദേശങ്ങളും മറ്റു നിർദ്ദേശങ്ങളും അദ്ദേഹത്തിന് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേന അയക്കേണ്ടതാണ്.

ശ്രീ.റ്റി.എ.ഷാജിയുടെ പദവി, സൗകര്യങ്ങൾ, ശമ്പളം, മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ എന്നിവ അഡ്വക്കേറ്റ് ജനറലിന് സമാനമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
2. ശ്രീ.റ്റി.എ.ഷാജി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
3.അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, കേരള, എറണാകുളം
4.രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
5.രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
6.സെക്രട്ടറി, കേരള നിയമസഭ.
7.ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
8.ബഹു.നിയമം, കയർ, വ്യവസായം, വകുപ്പ് മന്ത്രിയുടെ പി.എസ്.
9.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
10.നിയമ സെക്രട്ടറിയുടെ പി.എ.
11.പൊതുഭരണ എസ്.സി. വകുപ്പ് (ബഹു. മന്ത്രിസഭാ തീരുമാനം item No.OA 2195 തിയതി 29.5.2024))
12.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ., ആഭ്യന്തരം
13.ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്,
14. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
15.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
16.അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
17.നിയമ (നോഡൽ) വകുപ്പ്.
18.നിയമ (മോണിറ്ററിങ്) വകുപ്പ്.
19.സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aanand Alex Becket സെക്ഷൻ ഓഫീസർ
Date: 07-06-2024 14:03:50

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നിയമ വകുപ്പ് - ഗവണ്മെന്റ് ലോ ഓഫീസർസ് - ബഹു.കേരള ഹൈക്കോടതിയിലെ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ - ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്-നെ നിയമിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ ഇൻസ്പെക്ഷൻ വകുപ്പ്

സ.ഉ.(കൈ) നം.53/2024/LAW തീയതി,തിരുവനന്തപുരം, 05-07-2024

---

പരാമർശം:-
1. 25.01.1978 തീയതിയിലെ G.O(P)No.11/78 /Law
2. 10.06.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 107/2021/ആഭ്യന്തരം.
3. 30-06-2021 തീയതിയിലെ ജി.ഒ.(എം.എസ്)50/21/നിയമം നമ്പർ ഉത്തരവ്
4. അഡ്വക്കേറ്റ് ജനറലിന്റെ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത്.
5. ബഹു. കേരള ഹൈക്കോടതിയുടെ 03.07.2024 തീയതിയിലെ DI-8/58173/2024 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പ്) പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു പരാമർശം (4) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിന് വേണ്ടി പ്രോസിക്യൂഷൻ, അപ്പീൽ അല്ലെങ്കിൽ മറ്റു നടപടികൾ നടത്തുന്നതിലേയ്ക്ക് ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കലൂർ, കൊച്ചി-18-നെ കേരള ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 30.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നു.

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ് ഡെസിഗ്നേറ്റഡ് സീനിയർ അഡ്വക്കേറ്റായതിനാൽ 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ 418, 419 (1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 377, 378)

വകുപ്പുകൾ പ്രകാരമുള്ള നിർദ്ദേശങ്ങളും മറ്റു നിർദ്ദേശങ്ങളും അദ്ദേഹത്തിന് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേന അയക്കേണ്ടതാണ്.

ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്-ന്റെ പദവി, സൗകര്യങ്ങൾ, ശമ്പളം, മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ എന്നിവ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് സമാനമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

1.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
2. ശ്രീ. ഗ്രേഷ്യസ് കുര്യാക്കോസ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നമ്പ്യാപറമ്പിൽ ഹൗസ്, ഷേണോയ് റോഡ്, കല്ലൂർ, കൊച്ചി-18(അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).
3.ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരള, എറണാകുളം
4.അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കാര്യാലയം, കേരള ഹൈക്കോടതി, എറണാകുളം
5.രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
6.രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
7.സെക്രട്ടറി, കേരള നിയമസഭ.
8.ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
9.ബഹു.നിയമവും വ്യവസായവും കയറും മന്ത്രിയുടെ പി.എസ്.
10.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 'എ &ഇ), കേരള തിരുവനന്തപുരം.
11.നിയമ സെക്രട്ടറിയുടെ പി.എ.
12.പൊതുഭരണ എസ്.സി. വകപ്പ് (ബഹു. മന്ത്രിസഭാ തീരുമാനം ഇനം നം. 2235 തിയതി 26.06.2024)
13. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ., ആഭ്യന്തരം
14.ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.
15. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
16.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
17.അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
18.നിയമ (നോഡൽ) വകുപ്പ്.
19.നിയമ (മോണിറ്ററിങ്) വകുപ്പ്.
20.സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

GOVERNMENT OF KERALA

Abstract

Law Department-Granting of status and remuneration to State Attorney as same as that of Additional Advocate General - Orders issued.

LAW (INSPECTION) DEPARTMENT

G.O (Ms) No.60/2021/Law. Dated, Thiruvananthapuram, 29-07-2021.

Read:- 1.G.O. (Ms).No.45/2021/Law dated 10-06-2021.
2. Letter No.SS-GK2/2021/AG dated 14-07-2021 from the Advocate General.

ORDER

Government are pleased to order that the remuneration, status, privileges and other benefits of Sri. N.Manojkumar, State Attorney, are the same as that of the Additional Advocate General, Kerala.

By order of the Governor,
N.JEEVAN,
ADDITIONAL LAW
SECRETARY.

To

1. The Advocate General, Kerala, Ernakulam.
2. Sri. N.Manojkumar, State Attorney, Kerala.
3. The Registrar General, High Court of Kerala, Ernakulam.
4. The Accountant General (A&E), (Audit), Kerala, Thiruvananthapuram.
5. P.S. to Chief Minister,
7. P.S. to the Minister for Law, Industries & Coir.
8. The District Treasury Officer, Ernakulam
9. The Director, Web and New Media.
10. The Director of Public Relations, Thiruvananthapuram.
11. The P.A to the Law Secretary
12. The C.A. to Additional Law Secretary, Law (Inspection) Department
13. Law (Nodal) Department.
14. Stock File/Office Copy.

*Forwarded/By Order*

*Section Officer*